കയറുൽപ്പന്നങ്ങളുടെ കയറ്റുമതി

149 [2770] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കയറിന്റെ എത്ര ശതമാനം വിദേശങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കയറുൽപ്പന്നങ്ങൾക്ക് വർദ്ധിച്ച ഡിമാന്റുള്ള രാജ്യങ്ങളിലേക്ക് കൂടുതൽ കയറുൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുവാനുള്ള എന്തെങ്കിലും പദ്ധതി ഇപ്പോൾ പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ആ മേഖലയിലെ ആളുകളെ സംരക്ഷിക്കുവാൻ ഇക്കാര്യം സജീവമായി ആലോചിക്കുമോ?

ഉത്തരം

(എ) പ്രതിവർഷം 1,78,000 ടൺ വിവിധ തരം കയർ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. കയറ്റുമതിക്കണക്കനുസരിച്ച് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കയറിന്റെ 6.9% വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നുണ്ട്. എന്നാൽ കയറും കയറുൽപ്പന്നങ്ങളുടെയും മൊത്തം കയറ്റുമതിയിൽ 66% കേരളത്തിൽ നിന്നാണ്.

(ബി & സി) കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയെ പ്രോൽസാഹിപ്പിക്കാൻ ഉതകുന്ന ഒരു പദ്ധതി സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ തന്നെ നടപ്പിലാക്കിവരുന്നുണ്ട്. ഇതു പ്രകാരം കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർഫെഡ്, കയർ മാറ്റ്സ് & മാറ്റിങ്സ് സഹകരണ സംഘങ്ങൾ എന്നിവ വിദേശ വ്യാപാര മേളകളിൽ പങ്കെടുത്താൽ അതിനു വേണ്ടിവരുന്ന ചെലവിന്റെ 50% പരമാവധി പ്രതിവർഷം 50,000 രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതിയാണിത്. കയർ ബോർഡിന്റെ മാർക്കറ്റ് ഡവലപ്പ്മെന്റ് പദ്ധതി പ്രകാരവും കയർ ബോർഡിൽ നിന്നും നേരിട്ട് ഇത്തരം സഹായം ഒരു നിശ്ചിത വാർഷിക വിറ്റുവരവിന് താഴെയുള്ള കയറ്റുമതി സ്ഥാപനങ്ങൾക്കു ലഭിക്കും. ദേശീയവും അന്തർ ദേശീയവുമായ വിപണിക്കാവശ്യമായ തരത്തിലുള്ള വൈവിധ്യമാർന്നതും ഗുണമേൻമയുള്ളതുമായ മേൽത്തരം ഉൽപ്പന്നങ്ങൾ താരതമ്യേന കുറഞ്ഞ വിലയ്ക്കു നൽകി വിപണിയിലെ മൽസരത്തിൽ പിടിച്ചു നിൽക്കുവാൻ കയർ വ്യവസായത്തിനെ സഹായിക്കുന്നതിന് ഏറ്റവും അത്യാവശ്യം സങ്കേതിക വിദ്യയുടെയും ഗവേഷണത്തിന്റെയും വികസനമാണ്. ഇതിന് ഊന്നൽ നൽകുന്നതിനായി ഒരു ദേശിയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന് തറക്കല്ലിട്ടിട്ടുണ്ട്. 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ എം. ഡി. എ. നടപ്പിലാക്കിവരുന്നു. കൂടാതെ ജിയോ ടെക്സ്റ്റയിൽസ് പദ്ധതിയും നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly